

# SSLC EXAMINATION 2022

## മലയാളം-പേപ്പർ - II [അടിസ്ഥാന പാഠാവലി. Answer key :un-official ]

തയ്യാറാക്കിയത്: സുരേഷ് അരീക്കോട് , ജി.എച്ച്.എസ്. എസ് കുഴിമണ്ണ , മലപ്പുറം

| | | |
|---|---|---|
| 1 | അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ ഒറ്റയ്ക്ക് താമസിക്കുന്നത്. | |
| 2 | കാലമാകുന്ന യവനിക | |
| 3 | അച്ഛനെ തനിച്ചാക്കി വിവാഹം കഴിച്ച് മറുനാട്ടിൽ പോയത് | |
| 4 | മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണത്തോട് | |
| 5 | മഹാബലി മന്നനെ/മഹാബലിയെ/ മാവേലിയെ/ഓണത്തപ്പനെ | |
| 6 | മാവിനോടുള്ള പ്രേമം നാട്ടിൻപ്പുറത്തെ കുട്ടികളിലും കവികളിലും കാണാം. | |
| 7 | പത്രം | |
| 8 | മനസ്സിന്റെ മുദ്ര | |
| 9 | തല + ആട്ടി | |
| 10 | ◆ അയൽക്കാരായ മത്തായിയും മാർക്കോസും തമ്മിൽ ആദ്യകാലം മുതൽക്കേയുള്ള തർക്കം.<br>◆ പൂവൻകോഴിയെ എറിഞ്ഞു കൊന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉച്ചസ്ഥായി / മൂർദ്ധന്യത്തിലെത്തുന്നത് | |
| 11 | ◆ സ്വേച്ഛാധിപതികൾപോലും പത്രത്തെ ഭയപ്പെടുന്നു./ഏകാധിപതികൾപോലും.<br>◆ രാഷ്ട്രീയത്തിലെ നാലാമത്തെ ശക്തിയായ പത്രങ്ങൾക്ക് ജനങ്ങളിൽ ഉള്ള സ്വാധീനം (പത്രങ്ങൾ ജനാധിപത്യത്തിന്റെ ജിഹ്വ) | |
| 12 | ◆ ചാക്കണ്ണിയുടെ ദാരിദ്ര്യാവസ്ഥയും ദയനീയാവസ്ഥയും<br>◆ ഇഷ്ടപ്പെട്ട റേഡിയോ പണയവസ്തുവായതിലെ ദുഃഖം | |
| 13 | ◆ അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുണ്ടായിരുന്നത് കേവലമായബന്ധം / നിരുപാധികമായ ബന്ധം<br>◆ കൊച്ചുചക്കരച്ചിയെ കുടുംബാംഗമായി കണ്ടു./മനുഷ്യഭാവം<br>◆ മാവ് മുറിക്കാൻ തുനിയുമ്പോൾ തടയുന്നു.<br>◆ മാവ് ചതിക്കില്ലെന്ന് ഉറച്ച് വിശ്വസിക്കുന്നു.<br>◆ കൊച്ചുചക്കരച്ചി വീണില്ല /വീണാലും ആപത്ത് വരുത്തില്ല<br>◆ അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു.<br>(മൂന്ന് മൂല്യാംശങ്ങൾ എഴുതിയിരിക്കണം) | |
| 14 | ◆ മത്തായി മാർക്കോസ് കുടുംബ ബന്ധങ്ങൾ / തർക്കങ്ങൾ<br>◆ മക്കൾ തമ്മിലും പിണക്കം<br>◆ സ്കൂളിൽ പോകുമ്പോൾ ഉള്ള തർക്കങ്ങൾ<br>◆ കുട്ടികൾ തമ്മിൽ പേരയ്ക്കയുടെ പേരിലുള്ള തർക്കങ്ങൾ | |

| | | |
|---|---|---|
| | ◆ നിഷ്കളങ്കരായ കുട്ടികൾ /മുതിർന്നവരെപ്പോലെ പ്രതികാരത്തോടെ പ്രവർത്തിക്കുന്നില്ല<br>◆ കുട്ടികളുടെ പിണക്കങ്ങൾ പെട്ടെന്ന് ഇണക്കമായി മാറും. | |
| 15 | ◆ അച്ഛന്റെ ഒച്ചകളും വിളികളും, പരിഭവങ്ങളുംകൊണ്ട് ശബ്ദമുഖരിതമായ വീട് നിശബ്ദമാവുന്നത്.<br>◆ അച്ഛന്റെ ഒഴിഞ്ഞ മുറി അമ്മയെ മൗനത്തിലേക്ക് എത്തിക്കുന്നത്<br>◆ വീടിന്റെ ജീവൻ അവിടെയുള്ളവരുടെ സാന്നിധ്യം, സന്തോഷം സ്നേഹം -അച്ഛന്റെ മരണത്തോടെ അത് നഷ്ടപ്പെട്ടു.<br>◆ അച്ഛന്റെ വിളികൾകേട്ട് അവശതകൾ മറന്ന് ഓടിയെത്തുന്ന ഉണർവ് അമ്മയ്ക്ക് നഷ്ടപ്പെടുന്നത്.<br>◆ അച്ഛനെ കുറിച്ചുള്ള വഴിപ്പോക്കരുടെ - അന്വേഷണം<br>◆ അമ്മയുടെ മറുപടി (പോയി, പോയീന്ന്, പോയില്യാന്ന്) | |
| 16 | ◆ ഓണപ്പാട്ടുകളോടും ഓണത്തോടും പുതുതലമുറക്കുള്ള കാഴ്ചപ്പാട്.<br>◆ സിനിമാറ്റിക്ക് പാട്ടുകൾ, ഇന്ന് പുള്ളുവന്റെ സ്ഥാനം അപഹരിച്ചു.<br>◆ ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ട പുതുതലമുറ<br>◆ പുള്ളുവനും പുള്ളുവപ്പാട്ടും അവഗണിക്കപ്പെടുന്നത്<br>◆ പഴയ സംസ്കാരങ്ങളെ പിന്തള്ളുകയും പരിഹസിക്കുകയും ചെയുന്ന പുതുതലമുറ | |
| 17 | ◆ മാതൃഭാഷ പുതുതലമുറയ്ക്ക് അന്യമാകുന്നത്.<br>◆ നാട്ടുസംസ്കൃതിയെക്കുറിച്ചുള്ള, മാതൃഭാഷയിലെ എഴുത്തുകൾ ആരും വായിക്കുന്നില്ല<br>◆ മാധുര്യമുള്ള മാതൃഭാഷയിൽ സംസാരിക്കാൻ പോലും കഴിയാതെ പുതുതലമുറ വളരുന്നതിന്റെ ആശങ്ക<br>◆ ഭാഷയും സംസ്കാരവും അപ്രത്യക്ഷമാവുന്നോ എന്ന ആശങ്ക<br>◆ ഇംഗ്ലീഷ് ഭാഷയ്ക്ക് വേണ്ടി മാതൃഭാഷയെ ഉപേക്ഷിക്കുന്നത് | |
| 18 | ◆ പാഠഭാഗത്തെയും എഴുത്തുകാരനെയും കുറിച്ച് സൂചന<br>◆ സാമൂഹികാവസ്ഥകൾ കണ്ടെത്തിയിട്ടുണ്ട്.( ജന്മിത്തം, അടിമത്തം, ദാരിദ്ര്യം, പട്ടിണി, ചൂഷണം , കരിഞ്ചന്ത വിൽപ്പന)<br>◆ ജന്മിത്തം :പുഷ്പവേലിൽ ഔസേപ്പ്<br>◆ ചൂഷണം:കർഷകർക്ക് കൂലിയായി നെല്ല് നൽകുന്നില്ല<br>◆ അടിമത്തം: അടിമകളോട് സമാനമായി പെരുമാറുന്ന ജന്മി<br>◆ പട്ടിണി/ദാരിദ്ര്യം: പകലന്തിയോളം പണിയെടുത്തിട്ടും പട്ടിണി മാറുന്നില്ല<br>◆ കരിഞ്ചന്ത വിൽപ്പന : നെല്ല് കൂലി നൽകാതെ മറിച്ചുവിൽക്കുന്നു. | |
| 19 | ◆ മനുഷ്യർ മാത്രമല്ല, പ്രകൃതിയും ഓണത്തെ വരവേൽക്കാൻ കാത്തിരിക്കുന്നു. | |

| | | |
|---|---|---|
| | ◆ തുമ്പ : മലരിൻക്കുട നിറച്ച് വിറച്ച് നിൽക്കുന്നു.(അക്ഷമ, ലാളിത്യം)<br>◆ മുക്കുറ്റി:തിരികൾ തെറുത്ത് കൊളുത്താൻ ഉറ്റ മുഹൂർത്തം കാത്ത് നിൽക്കുന്നു.<br>◆ നെയ്യാമ്പൽ : ഉറക്കമൊഴിച്ച് വെള്ളിത്താലമെടുത്ത് നിൽക്കുന്നു.<br>◆ കമുക്: പൂവരി വാരി വിതറി കാത്തുനിൽക്കുന്നു.<br>◆ പ്രഭാതം: ചങ്ങലവട്ടയിലെ തിരാനാളം ചുവന്ന വിരൽകൊണ്ട് നീട്ടി , തുടുത്ത കവിളുമായി നാണത്തോടെ പരുങ്ങി ഒരുങ്ങിയെത്തുന്ന ഗ്രാമീണ കന്യകയായി ഓണത്തെ വരവേൽക്കുന്നു. | |
| 20 | ◆ കവി, കവിത പരിചയപ്പെടുത്തൽ<br>◆ അമ്മത്തൊട്ടിൽ- മകന്റെ പ്രവൃത്തികൾ<br>◆ അവഗണിക്കപ്പെടുന്ന വാർധക്യം / വാർധക്യം ബാധ്യയാവുന്നത്./ പിൻസീറ്റിലേക്ക്<br>◆ ഉപഭോഗസംസ്കാരത്തിന്റെ ഇരയായി മനുഷ്യൻ മാറുന്നത്.<br>◆ ബന്ധങ്ങൾക്ക് ഇഴയടുപ്പമില്ലാത്ത പാശ്ചാത്യ സംസ്കാരത്തിന്റെ വഴിയിൽ മലയാളിയും<br>◆ കേരളത്തിൽ വർദ്ധിച്ച് വരുന്ന വൃദ്ധസദനങ്ങൾ<br>◆ വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിക്കുന്ന വർത്തമാന സമൂഹത്തിലുള്ള മറുപടി - 'അമ്മത്തൊട്ടിൽ' കവിത | |
| 21 | ◆ **കഥാപാത്രത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്.**<br>◆ **സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.**<br>◆ **കഥയിൽ കഥാപാത്രത്തിന്റെ പ്രസക്തി കണ്ടെത്തിയിട്ടുണ്ട്.**<br>◆ ചാക്കുണ്ണി ദരിദ്രനായ തയ്യൽക്കാരൻ<br>◆ റേഡിയോയെയും കുട്ടികളെപ്പോലെ ജീവന് തുല്യം സ്നേഹിക്കുന്നു.<br>◆ റേഡിയോ പണയ വസ്തുവായതിൽ ദുഃഖിക്കുന്നു.<br>◆ സംഗീതാദികലകളോട് വളരെ താല്പര്യം/കലാഹൃദയം<br>◆ റേഡിയോ സംഗീതം ജീവിതത്തിന്റെ താളക്രമമായി മാറുന്നു.<br>◆ കഷ്ടതകൾ നിറഞ്ഞ ജീവിതം<br>◆ തൊഴിലിനോടുള്ള ആത്മാർത്ഥത | |
| 22 | ◆ ശ്രീ നാരായണ സന്ദേശങ്ങൾക്ക് ഏതു കാലത്തും ഏതു ദേശത്തും പ്രസക്തിയുണ്ട്.<br>◆ മറ്റ് സന്യാസിമാരിൽ നിന്നു വ്യത്യസ്തനായ ശ്രീ നാരായണ ഗുരു - സ്വമോക്ഷത്തിനായി പ്രവർത്തിച്ചില്ല<br>◆ തന്റെ കഴിവുകളെ സമൂഹത്തിന്റെ ഉന്നമനത്തിനായി ഉപയോഗിച്ചു _ മനുഷ്യൻ നന്നായാൽ എല്ലാം നന്നാകും<br>◆ മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയം അവതരിപ്പിച്ചു. [ഒരു ജാതി ഒരു മതം..............., മനുഷ്യാണാം മനുഷ്യത്വം ജാതി: ,സാർവലൗകികത]<br>◆ അന്ധവിശ്വാസങ്ങളേയും മൂഢാചാരങ്ങളെയും എതിർത്ത് വിപ്ലവം സൃഷ്ടിച്ചത്<br>◆ എല്ലാ മത നദികളും ചെന്നു ചേരുന്നത് മനുഷ്യ മഹത്വത്തിലാണ് എന്ന | |

| | | | |
|---|---|---|---|
| | ◆ ബോധം പകർന്ന് നൽകിയത്<br>◆ കേരളത്തെ ജാതിപ്പാളയത്തിൽ നിന്ന് മോചിപ്പിച്ചത്<br>◆ ഒരു സമൂഹത്തിനോ വിഭാഗത്തിനോ വേണ്ടി നിലകൊള്ളാതെ മനുഷ്യർക്ക വേണ്ടി നിലകൊണ്ടത് | |
| 23 | ◆ **തലക്കെട്ട്**<br>◆ **ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്**<br>◆ **കഥാപ്രമേയം**<br>◆ **ജീവിതവീക്ഷണം**<br>◆ നർമത്തിലൂടെ മർമം -സാമൂഹ്യ വിമർശനം<br>◆ കാരൂരിന്റെ ആഖ്യാന സവിശേഷത - ഉദാഹരണം<br>◆ അയൽവാസികളായ മത്തായി മാർക്കോസ് ശത്രുക്കളാകുന്നത്.<br>◆ ലോഭചിന്ത - നിസ്സാരകാര്യത്തിന്റെ പേരിൽ കുടുംബങ്ങൾക്കിടയിൽ ഉണ്ടായ അകൽച്ച<br>◆ കോഴിപ്രശ്നം - പോലീസ് കേസ് - വയ്യാവേലി<br>◆ കഥയ്ക്ക് കാരണമാകുന്നത് കോഴി എങ്കിലും കഥാഗതിയെ നിയന്ത്രിക്കുന്നത് കിഴവി<br>◆ സമ്പത്തും മൂല്യങ്ങളും തമ്മിലുള്ള സംഘർഷമായി കഥ മാറുന്നത്.<br>◆ തലമുറകൾക്കുമ്പേ തുടങ്ങി വെച്ച സ്നേഹോഷ്മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിടുന്ന സ്വാർത്ഥ ചിന്തകളെ തുറന്ന് കാട്ടുന്ന കഥയായി പരിണമിക്കുന്നു. | |
| 24 | ◆ **പ്രഭാഷണ ഘടന പാലിച്ചിട്ടുണ്ട് [അഭിസംബോധന, ആമുഖം, ഉള്ളടക്കം, ഉപസംഹാരം]**<br>◆ **പ്രഭാഷണശൈലി സ്വീകരിച്ചിട്ടുണ്ട്.**<br>◆ അച്ഛന്റെ ഓരോ വിളികൾക്കും കാതോർക്കുന്ന അമ്മ<br>◆ വാർധക്യത്തിന്റെ  അവശതയിലും ചെറുപ്പത്തിന്റെ  ഊർജസ്വലത പ്രകടിപ്പിക്കുന്ന സ്ത്രീ കഥാപാത്രം<br>◆ അച്ഛനായിരുന്നു എല്ലാം - നിർദ്ദേശങ്ങൾ എല്ലാം അനുസരിക്കുന്നു<br>◆ അച്ഛനുമായി ആത്മബന്ധം കാത്തു സൂക്ഷിക്കുന്ന കഥാപാത്രം<br>◆ അച്ഛന്റെ  മരണത്തോടെ മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു.<br>◆ അച്ഛനോടുള്ള കരുതൽ, പരിഭവം പറച്ചിൽ, നിഷ്കളങ്കത, സ്നേഹം - പ്രകടിപ്പിക്കുന്ന കഥാപാത്രം<br>◆ അച്ഛന്റെ ഓരോ വിളികൾക്കും പിന്നാലെ ഓടുന്നു.<br>◆ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതിൽ സംതൃപ്തിയടയുന്ന കഥാപാത്രം.<br>◆ വാർധക്യത്തിൽ ഒറ്റപ്പെടുന്നവരെ പ്രതിനിധികരിക്കുന്നുസ്വന്തം<br>◆ നിരീക്ഷണങ്ങൾ ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്. | |

| | | |
|---|---|---|
| | ◆ അച്ഛന്റെ വസ്തുവകകളും പറമ്പും അനാഥമാക്കാൻ ഇഷ്ടപ്പെടാത്ത കഥാപാത്രം<br>◆ സ്നേഹ ബന്ധത്തിന്റെ ദൃഢത കാത്തു സൂക്ഷിക്കുന്ന ഈ അമ്മ കഥാപാത്രം - സമൂഹത്തിന് മാതൃകയാവുന്നു.<br>◆ സ്വന്തം നിരീക്ഷണങ്ങൾ ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്. | |